# ഞാനും എത്തിപ്പോയി...

ലണ്ടൻ: സ്മാർട്ട് ഫോണിൽ ആർത്തവ ഇമോജിയും വരുന്നു. നീല ഡിസൈൻ പശ്ചാത്തലമായുള്ള ചുവന്ന നിറത്തിലുള്ള രക്തതുള്ളിയായാണ് പുതിയ ഇമോജി രംഗത്തെത്തുന്നത്.

ബ്രിട്ടൻ ആസ്ഥാനമാക്കിയുള്ള പ്ലാൻ ഇന്റർനാഷണൽ എന്ന ഏജൻസിയുടെ പ്രത്യേക കാമ്പയിന്റെ ഭാഗമാണ് ഇത്.

ആർത്തവമെന്ന വാക്ക് തീരെ മോശമെന്ന് കണക്കാക്കുന്ന പരിഷ്കൃതരെന്ന് നടിക്കുന്ന സമൂഹത്തെ പാകപ്പെടുത്തിയെടുക്കുക എന്ന ലക്ഷ്യമാണ് ഇതിനു പിന്നിലെന്നാണ് റിപ്പോർട്ടുകൾ. അടുത്തമാസത്തോടെ ഇമോജി സ്മാർട്ഫോണുകളിൽ ലഭ്യമാവും എന്നാണ് അറിയുന്നത്.

തികച്ചും ജൈവികമായ ആർത്തവമെന്ന ശാരീരിക പ്രക്രിയയെ പൊതുവെ രഹസ്യവും മാനാപമാന വിഷയവുമായാണ് സമൂഹത്തിലെ ബഹുഭൂരിപക്ഷവും കാണുന്നത്.

ഈ സമയത്തെ ഹോർമോൺ വ്യതിയാനങ്ങൾ സ്ത്രീകളുടെ മാനസിക നിലയെ നന്നായി ബാധിക്കാറുണ്ട്. പറയാനുള്ള മടികൊണ്ട് പങ്കാളികളിൽ നിന്നുപോലും പല സ്ത്രീകളും ഇക്കാര്യം മറച്ചുവയ്ക്കാറുണ്ട്. ഇത് അവരെ അനാവശ്യ മാനസിക സംഘർഷങ്ങളിലേക്ക് എത്തിക്കാറുണ്ട്.


പുതിയ ഇമോജി

ആർത്തവ ഇമോജി സ്ത്രീകൾ പങ്കുവയ്ക്കുന്നതിലൂടെ ആർത്തവകാലത്ത് സ്ത്രീകൾക്ക് ആരോഗ്യകരമായ അന്തരീക്ഷവും ചുറ്റുപാടും മറ്റുള്ളവർ ഒരുക്കിനൽകും എന്നാണ് കരുതുന്നത്. ഇതാണ് ഇത്തരമൊരു ആശയത്തിലേക്ക് സംഘടനയെ നയിച്ചതും.

പുതിയ ഇമോജിക്ക് വൻ സ്വീകരണം ലഭിക്കും എന്നാണ് സംഘടനയുടെ പ്രതീക്ഷ.

# എന്നോട് മത്സരിക്കാമോ?


കേറ്റ്

ലണ്ടൻ: സൗന്ദര്യത്തിന്റെ കാര്യത്തിൽ കേറ്റ് മിഡിൽടണിനെ വെല്ലാൻ ആരുമില്ല. കഴിഞ്ഞദിവസം എഴുപത്തിരണ്ടാമത് ആനുവൽ അക്കാഡമി ഫിലിം അവാർഡ്ദാനത്തിനെത്തിയ കേറ്റ് ഇത് തെളിയിച്ചു.

മനോഹരമായ വെളുത്ത ഗൗണും ഡയാനരാജകുമാരിയുടെ കമ്മലും ബ്രേസ്‌ലെറ്റും അണിഞ്ഞെത്തിയ കേറ്റിനെ കണ്ട് ആളുകൾ അന്തംവിട്ടു.

നിലയ്ക്കാത്ത കയ്യടിയോടെയാണ് രാജകുമാരിയെ സദസ് വരവേറ്റത്. ചടങ്ങിൽ പങ്കെടുക്കാനെത്തിയ സൂപ്പർ സ്റ്റാറുകൾ പോലും കേറ്റിനു മുന്നിൽ നിഷ്പ്രഭരായി.

സ്ലിംബ്യൂട്ടിയായ കേറ്റിന്റെ ശരീരഭംഗി ഒന്നുകൂടി എടുത്തുകാണിക്കുന്നതായിരുന്നു അലക്സാണ്ടർ മാസ്ക്യൂൻ തയ്യാറാക്കിയ ലളിതമായ ഗൗൺ. ഇതിന് യോജിക്കുന്നതരത്തിൽ ലളിതമായ മേക്കപ്പുമാത്രമാണ് കേറ്റ് അണിഞ്ഞിരുന്നത്. രാജകുമാരിയുടെ പ്രത്യേക നിർദ്ദേശപ്രകാരം പിങ്ക് നിറത്തിലുള്ള ലിപ്സ്റ്റിക്കും കടുംനിറത്തിലുള്ള ഐഷാഡോയും മാത്രമായിരുന്നു കേറ്റിന്റെ മേക്കപ്പിന് ഉപയോഗിച്ചതെന്നാണ് മേക്കപ്പ്മാൻ പറയുന്നത്.

ഗ്രീക്ക് രാജകുമാരിയെപ്പോലെ കേറ്റ് ചടങ്ങിനെത്തിയതോടെ ഫോട്ടോഗ്രാഫർമാർ കേറ്റിനു ചുറ്റുംകൂടി. ഇരുന്നുംനിന്നുംകിടന്നുമൊക്കെ ചിത്രമെടുക്കാൻ അവർ മത്സരിച്ചു.

ആരെയും നിരാശരാക്കാതെ ഫോട്ടോകൾക്ക് പോസുചെയ്യാനും കേറ്റ് മറന്നില്ല. പാപ്പരാസികൾക്ക് പിടികൊടുക്കുന്ന ഒന്നും വസ്ത്രധാരണത്തിൽ ഉണ്ടാവാതിരിക്കാൻ അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പ്രത്യേകം ഡിസൈൻ ചെയ്ത ബ്ലാക്ക് ഡിന്നർ സ്യൂട്ട് ധരിച്ചാണ് വില്യം രാജകുമാരൻ ചടങ്ങിനെത്തിയത്.


വില്യം രാജകുമാരൻ ചടങ്ങിനെത്തിയപ്പോൾ

# വരൻ ദേ, കിടക്കുന്നു

ന്യൂഡൽഹി: വിവാഹഘോഷയാത്ര കടന്നുപോകവെ പാലം തകർന്ന് വരനുൾപ്പെടെ പതിനഞ്ചംഗസംഘം അഴുക്കുചാലിൽവീണു. നോയിഡയിൽഹോഷിയാർപുരിൽ കഴിഞ്ഞദിവസം രാത്രിയിലായിരുന്നു സംഭവം. രണ്ട്കുട്ടികൾക്ക് പരിക്കേറ്റു. വിവാഹപന്തലിലേക്ക് വരൻ കടക്കേണ്ട വഴിയിലുള്ള പാലമാണ് അപകടത്തിൽപ്പെട്ടത്.

ആട്ടവും പാട്ടുമായി ഘോഷയാത്ര എത്തി നിമിഷങ്ങൾക്കുള്ളിൽ പാലം പൊളിഞ്ഞുവീണു. പാലം നേരത്തേ അപകടാവസ്ഥയിലായിരുന്നു. ഇതിന് മുകളിൽ നൃത്തംചെയ്തതാണ് പ്രശ്നമായത്. പരിക്കേറ്റവരെ സമീപത്തുള്ള സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്ദിരാപുരം സ്വദേശി അമിതും കൊണ്ട്‌ലി സ്വദേശിനി സോനവും തമ്മിലുള്ള വിവാഹ ചടങ്ങുകൾക്കിടെയാണ് അപകടം ഉണ്ടായത്.

വരനെ സ്വീകരിക്കാൻ വധുവിന്റെ ബന്ധുക്കൾ പാലത്തിനപ്പുറം കാത്ത് നിൽക്കുകയായിരുന്നു. സംഭവം വിവാദമായതോടെ വിവാഹസ്ഥലത്തിന്റെ ഉടമ നഷ്ടപരിഹാരമായി മൂന്ന് ലക്ഷം രൂപ വധുവിന്റെ വീട്ടുകാർക്ക് നൽകി. ആദ്യമായാണ് ഇത്തരമൊരു സംഭവമെന്നാണ് അയാൾ പറയുന്നത്. വധുവിന്റെ വീട്ടുകാർ പരാതിനൽകിയിട്ടില്ല.

# പ്രിയങ്ക ഒരു സംഭവം തന്നെ!!


പ്രിയങ്ക

ന്യൂഡൽഹി: പ്രിയങ്കാ ഗാന്ധിയുടെ ട്വിറ്റർ അക്കൗണ്ട് വൻ സംഭവമായി. തുടങ്ങി മണിക്കൂറിനുള്ളിൽ പ്രിയയെ പിന്തുടരാൻ എത്തിയത് പതിനായിരങ്ങളാണ്. കഴിഞ്ഞ ദിവസം പ്രിയങ്ക ട്വിറ്റർ അക്കൗണ്ട് ആരംഭിച്ച വിവരം പാർട്ടിതന്നെ ഔദ്യോഗികമായി പുറത്തുവിട്ടിരുന്നു. പുതിയ നേതാവിന് സർവ പിന്തുണയുമായി പിങ്ക് ആർമി എന്ന പേരിൽ പ്രിയങ്കാ സേനയും യു.പിയിലുണ്ട്. പിങ്ക് നിറത്തിലുള്ള വസ്ത്രങ്ങൾ അണിഞ്ഞാണ് ഇവർ പ്രവർത്തനങ്ങൾ നടത്തുന്നത്. അഞ്ഞൂറ് അംഗങ്ങളാണ് ഇതിൽ ഉള്ളതെന്നാണ് റിപ്പോർട്ട്.

അതേസമയം പ്രിയങ്കയ്ക്കെതിരെ ബി.ജെ.പി എം.പി ദ്വിവേദി നടത്തിയ സ്ത്രീവിരുദ്ധ പരാമർശത്തെ വിമർശിച്ച് ജമ്മു കാശ്മീർ മുൻ മുഖ്യമന്ത്രി മെഹ്ബൂബ മുഫ്തി രംഗത്തെത്തി. ട്വിറ്ററിലൂടെയാണ് മെഹ്ബൂബ അതൃപ്തി പ്രകടിപ്പിച്ചത്. ഡൽഹിയിലുള്ളപ്പോൾ ജീൻസും ടോപ്പും ധരിക്കുന്ന പ്രിയങ്ക, ഉത്തർപ്രദേശിൽ വരുമ്പോഴാണ് സാരിയും സിന്ദൂരവും ഉപയോഗിക്കുന്നതെന്നായിരുന്നു ദ്വിവേദിയുടെ പരാമർശം

“ ഇന്നത്തെ ആധുനികലോകത്തുപോലും, പുരുഷാധിപത്യ മനോഭാവവും നാണംകെട്ട സ്ത്രീവിരുദ്ധ ചിന്താഗതിയും അതിന്റെ വൃത്തികെട്ട മുഖമുയർത്തുകയും അത് സാമാന്യവത്കരിക്കപ്പെടുകയും ചെയ്യുന്നു. ഒരു സ്ത്രീ ഏത് വസ്ത്രമാണ് ധരിക്കേണ്ടത് എന്നതിനെപ്പറ്റി മറ്റാരും ആശങ്കപ്പെടേണ്ട കാര്യമില്ല. അങ്ങനെയുള്ള കാര്യങ്ങൾ സംസാരിക്കുന്നവർക്ക് കാര്യമായ ചികിത്സ ആവശ്യമാണ്,” മെഹ്ബൂബ മുഫ്തി തന്റെ ട്വീറ്റിൽ പറയുന്നു.

# വെറും കല്ലല്ല വജ്രമായിരുന്നു


ഡെബ്ര


മോതിരത്തിലെരത്നം

ലണ്ടൻ: ബ്രിട്ടീഷുകാരിയായ ഡെബ്ര ഗൊദാർദ് ഇരുപത്തിരണ്ടുവയസുള്ളപ്പോൾ ഒരുകല്ലുമോതിരം കണ്ട് ഇഷ്ടപ്പെട്ടു. 925 രൂപ മുടക്കി ആ മോതിരം സ്വന്തമാക്കി. കല്ലുമോതിരത്തിന് അഞ്ഞൂറു രൂപയ്ക്കുമുകളിൽ വിലയില്ലാത്തപ്പോഴാണ് മോഹവിലനൽകി ഡെബ്ര അത് സ്വന്തമാക്കിയത്. ആദ്യം കുറച്ചുനാൾ മോതിരമണിഞ്ഞുനടന്നു. പക്ഷേ, അതുകഴിഞ്ഞപ്പോൾ ഊരി പെട്ടിയിലിട്ടു.

ഡെബ്രയ്ക്ക് ഇപ്പോൾ പ്രായം 55 . സാമ്പത്തിക പ്രതിസന്ധി കടുത്തപ്പോഴാണ് പഴയ മോതിരത്തെക്കുറിച്ചോർത്തത്. വിൽക്കാൻ ജൂവലറിയിലെത്തിയപ്പോഴാണ് ഡെബ്ര ഞെട്ടിയത്. മോതിരത്തിലുള്ളത് വെറുമൊരു കല്ലല്ല. വിലകൂടിയ വജ്രമായിരുന്നു.

മോതിരത്തിന് ജൂവലറിക്കാർ മതിച്ച വിലയറിഞ്ഞപ്പോൾ ഡെബ്ര ബോധംകെട്ടുപോയി. 6 കോടി 82 ലക്ഷം രൂപ. വേണമെങ്കിൽ അല്പംകൂടി വിലനൽകാമെന്നും ജൂവലറിക്കാർ അറിയിച്ചു.

വിലപേശി കിട്ടാമെന്നുള്ളതിന്റെ പരമാവധി തുകയും ഡെബ്ര സ്വന്തമാക്കി. അതിനുശേഷമാണ് മോതിരത്തിൽ പതിച്ചിരുന്നത് വജ്രമാണെന്ന് അറിയില്ലായിരുന്നെന്ന് ജൂവലറിക്കാരെ അറിയിച്ചത്.

ഇപ്പോൾ വളരെ അപൂർവമായി മാത്രമേ ഇത്തരം വജ്രങ്ങൾ കാണാൻ കഴിയൂ എന്നാണ് ജൂവലറി അധികൃതർ പറയുന്നത്. ഡെബ്രയുടെ അമ്മ സാമ്പത്തിക തട്ടിപ്പിന് ഇരയായതോടെയാണ് കുടുംബം പാപ്പരായത്. വൻ സാമ്പത്തിക നഷ്ടത്തിൽനിന്ന് ഇത്തരമൊരു കരകയറൽ ഒരിക്കലും പ്രതീക്ഷിച്ചില്ലെന്നാണ് ഡെബ്ര പറയുന്നത്.